നമ്പര്‍ 374/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂര്‍ണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തില്‍ (തനിക്കു സ്തുതി)
വിശുദ്ധ മാര്‍ത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേല്‍
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാന്‍ മാര്‍ ബസേലിയോസ് മാര്‍ത്തോമ്മാ ദിദിമോസ് പ്രഥമന്‍

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാല്‍ നിങ്ങള്‍ക്ക് വാഴ്‌വ്!

പ്രിയരേ,
അര്‍ത്ഥ സമ്പുഷ്ടവും ഭക്തി നിര്‍ഭരവും ആഴമായ ദൈവശാസ്ത്ര രഹസ്യങ്ങള്‍ അടങ്ങിയിട്ടുള്ളതുമായ ആരാധനാ പൈതൃകമാണല്ലോ നമ്മുടെ പ. സഭയ്ക്ക് ഉള്ളത്. ഭക്തിരസം നഷ്ടപ്പെടുത്താതെയും എന്നാല്‍ വിശ്വാസ സമൂഹത്തിന് ഹൃദ്യമായ നിലയിലും ആരാധനയര്‍പ്പിക്കുവാന്‍ ഏറ്റം ബാധ്യതയുള്ളത് പുരോഹിത സ്ഥാനികള്‍ക്കാണെന്നും നിങ്ങള്‍ക്ക് അറിവുള്ള വസ്തുതയാണല്ലോ. ഈ ഉദ്ദേശ്യലക്ഷ്യത്തോടുകൂടി നമ്മുടെ ഓര്‍ത്തഡോക്സ് വൈദീക സെമിനാരിയോട് ചേര്‍ന്ന് പ്രവര്‍ത്തിക്കുന്ന ശ്രുതി ആരാധനാ സംഗീത വിദ്യാലയം സംഗീതാഭിരുചിയുള്ള സഭാ മക്കളെ കണ്ടെത്തി ആരാധനാ ഗീതങ്ങള്‍ പരിശീലിപ്പിക്കുകയും ഗായക സംഘങ്ങള്‍ രൂപീകരിക്കുകയും ചെയ്തിരുന്നുവല്ലോ. ശ്രുതിയുടെ അംഗീകാരമുള്ള ഈണങ്ങള്‍ മാത്രമേ ഗായക സംഘങ്ങള്‍ ഉപയോഗിക്കാവൂ എന്നും ഏറ്റവും കുറഞ്ഞത് 4 പേരെങ്കിലും ഗായകസംഘത്തില്‍ ഉണ്ടായിരിക്കണമെന്നും 2006 -ലെ 112 - ാം നമ്പര്‍ കല്പന മുഖാന്തിരം നാം ഏവരേയും അറിയിച്ചിട്ടുള്ളതുമാണ്. എന്നാല്‍ അതിനുവിരുദ്ധമായി പരിശീലനമോ, അംഗീകാരമോ ഇല്ലാത്തവര്‍ ഉള്‍പ്പെട്ട ഗായക സംഘങ്ങള്‍ വിവാഹ കൂദാശ, ദേവാലയ കൂദാശ തുടങ്ങി പല ശുശ്രൂഷകളിലും പങ്കെടുക്കുന്നതായും കാര്‍മ്മികരായ മേല്‍പ്പട്ടക്കാര്‍ക്കും പട്ടക്കാര്‍ക്കും ദൈവ സാന്നിധ്യബോധത്തോടെ ആരാധന അര്‍പ്പിക്കുവാന്‍ സാധിക്കാതെ വരുന്നതായും നമ്മുടെ സഹോദര മേല്‍പ്പട്ടക്കാരും വൈദികരും വിവിധ സന്ദര്‍ഭങ്ങളിലായി നമ്മുടെ ശ്രദ്ധയില്‍പെടുത്തിയിട്ടുണ്ട്. ആയതിനാല്‍ ഗായക സംഘങ്ങള്‍ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങള്‍ നാം നിങ്ങളെ അറിയിക്കുന്നു.

1. ആരാധനയ്ക്ക് മുമ്പായി ഗായക സംഘത്തിന് ശ്രുതി സ്കൂള്‍ ഓഫ് മ്യൂസിക് നല്‍കിയിട്ടുള്ള അംഗീകാര സര്‍ട്ടിഫിക്കേറ്റ് വികാരി കര്‍ശനമായും പരിശോധിച്ചിരിക്കേണ്ടതാണ്.

2. ഗായക സംഘാംഗങ്ങള്‍ക്ക് ശ്രുതി നല്‍കിയിരിക്കുന്ന ഫോട്ടോ പതിപ്പിച്ച തിരിച്ചറിയല്‍ കാര്‍ഡ് ഉണ്ടെന്ന് വികാരി ഉറപ്പാക്കിയിരിക്കേണ്ടതാണ്. സഭാംഗങ്ങളല്ലാത്തവര്‍ ഗായകസംഘാംഗങ്ങളാകുവാന്‍ ഒരു കാരണവശാലും അനുവദിക്കുവാന്‍ പാടുള്ളതല്ല.

3. ശ്രുതി നിശ്ചയിച്ചിരിക്കുന്ന ഈണങ്ങള്‍ മാത്രമേ ആരാധനയില്‍ ഉപയോഗിക്കുവാന്‍ പാടുള്ളൂ. അത് ആരാധനയില്‍ പങ്കെടുക്കുന്ന സാധാരണ വിശ്വാസികള്‍ക്കും ഗീതങ്ങള്‍ ആലപിക്കുവാന്‍ തക്ക വിധത്തിലും ആയിരിക്കണം.

(മറുപുറം)

4. ആരാധനാ ഗീതങ്ങൾ സംബന്ധിച്ച് ശ്രുതി നിശ്ചയിച്ചിരിക്കുന്ന ഈണങ്ങൾ അടങ്ങിയ സി. ഡി. ഗായക സംഘത്തിന്റെ പക്കൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

5. ആരാധനയുടെ സമയക്ലിപ്തത പാലിക്കത്തക്കവണ്ണം ആയിരിക്കണം ഗീതങ്ങൾ ആലപിക്കേണ്ടത്. അനാവശ്യമായി ഗീതങ്ങൾ വലിച്ചിഴക്കുവാൻ പാടുള്ളതല്ല.

6. ഗായക സംഘാംഗങ്ങളുടെ മൈക്രോഫോണുകളുടെ ശബ്ദം പ്രധാന കാർമ്മികന്റെ മൈക്രോഫോണിന്റെ ശബ്ദത്തെക്കാൾ കുറഞ്ഞിരിക്കണം.

7. ഏതെങ്കിലും കാരണവശാൽ പ്രധാന കാർമ്മികനായ മേൽപ്പട്ടക്കാരന്/പട്ടക്കാരന് ഗായകസംഘവുമായി ചേർന്ന് പോകുവാൻ പ്രയാസം നേരിടുന്നു എങ്കിൽ ഗായകസംഘം ആലാപനം നിർത്തി വയ്ക്കുകയോ, പ്രധാന കാർമ്മികന്റെ അപ്പോഴുള്ള നിർദ്ദേശം നിർബന്ധമായും അനുസരിക്കുകയോ ചെയ്യേണ്ടതാണ്.

8. ഇടവകയുടേതല്ലാത്ത ഗായകസംഘമാണ് ശുശ്രൂഷയ്ക്ക് വരുന്നതെങ്കിൽ ആയത് സംബന്ധിച്ച് വികാരിക്ക് മുൻകൂട്ടി അറിവുണ്ടായിരിക്കുകയും, ആവശ്യമെങ്കിൽ ഗായകസംഘത്തിന് യുക്തമായ നിർദ്ദേശങ്ങൾ വികാരിക്ക് നൽകാവുന്നതുമാണ്.

ഈ കല്പന 2009 ഒക്ടോബർ 31 -ാം തീയതി (കൂദോശ് ഈത്തോ ഞായർ) മുതൽ നിലവിൽ വരുന്നതാണ്

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ആഗസ്റ്റ് മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.